	എച്ച്.ആർ.എ.	- 500
	സി.സി.എ.	- 75
	എം.എ.	- 25
		19107
4.	മെമ്പർ - ബേസിക് പേ	- 7785
	(ട്രാൻസ്മിഷൻ)സ്പെഷ്യൽ പേ	- 1000
	ഡി.എ.	- 12650
	എച്ച്.ആർ.എ.	- 500
	സി.സി.എ.	- 75
	എം.എ.	- 25
		22035

സർക്കാർ നോമിനികളായ മെമ്പർമാർക്ക് ശമ്പളവും, അലവൻസും ബോർഡിൽ നിന്നല്ല നൽകുന്നത്. അനൗദ്യോഗിക അംഗത്തിന് ബോർഡ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് യാത്രചെലവിന് പുറമേ ഓരോ സിറ്റിംഗിനും 50 രൂപ സീറ്റിംഗ് ഫീസ് നൽകുന്നുണ്ട്.

വൈദ്യുതി കണക്ഷൻ നൽകുന്നതിൽ മുൻഗണന

85 (3486)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ആർ.വൈ. പദ്ധതിയുൾപ്പെടെയുള്ള സ്വയം തൊഴിൽ സംരംഭങ്ങളിലേർപ്പെടുന്നവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ മുൻഗണന നൽകുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മുൻഗണന ലഭിക്കുന്നതിന് എന്തെല്ലാം രേഖകളാണ് നൽകേണ്ടത്;

(സി) ഇവർക്ക് സമയബന്ധിതമായി കണക്ഷൻ നൽകണമെന്ന് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) സ്വയം തൊഴിൽ സംരംഭകർക്ക് വൈദ്യുതി നൽകുന്ന കാര്യത്തിൽ ബോർഡ് ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ആലപ്പുഴ ജില്ലയിൽ വൈദ്യുതി കണക്ഷനുവേണ്ടി സ്വയംതൊഴിൽ സംരംഭകരുടെ എത്ര അപേക്ഷകളാണ് ബോർഡിൽ നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇവർക്ക് അടിയന്തിരമായി കണക്ഷൻ നൽകുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പി.എം.ആർ.വൈ. പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കണക്ഷനുകൾക്ക് മുൻഗണന നൽകുന്നുണ്ട്. 100 കെ.വി.എ.യും അതിൽ കുറഞ്ഞതുമായ കണക്ടഡ് ലോഡ് ഉള്ള ഇത്തരം കണക്ഷനുകൾക്ക് 10.000 രൂപവരെ ഒ.വൈ.ഇ.സി. തുകയിൽ ഇളവ് അനുവദിക്കുന്നതാണ്.

(ബി) ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(സി) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി) ഇത്തരം പരാതികൾ ലഭിച്ചതായി കാണുന്നില്ല. അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) 7 അപേക്ഷകൾ.

(എഫ്) സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകുന്നതാണ്.

വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി ബോർഡ് നൽകിവരുന്ന സൗജന്യങ്ങൾ

86 (3487) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കേന്ദ്രസർക്കാരുകളുടെ നിർദ്ദേശാനുസരണം രണ്ട് ദശകങ്ങളായി പ്രാദേശിക വ്യവസായ യൂണിറ്റുകൾക്ക് നൽകി വന്നിരുന്ന സൗജന്യങ്ങൾ സംസ്ഥാന വൈദ്യുതി ബോർഡ് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 1999 ഡിസംബർ 24ന് സംസ്ഥാന വൈദ്യുതി ബോർഡ് ഇറക്കിയ ഉത്തരവിലൂടെ പ്രാദേശിക ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചിരുന്ന സൗജന്യം നിർത്തലാക്കി ടെൻഡർ ഫോമുകളുടെ വില, ഇ.എം.ഡി. കരുതൽ നിക്ഷേപം എന്നിവയ്ക്ക് മറ്റു സ്ഥാപനങ്ങൾ നൽകുന്നതിന്റെ പകുതി നൽകണമെന്ന് നിർദ്ദേശിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളും മുകളിൽ പറഞ്ഞ കേന്ദ്ര നിർദ്ദേശം കൃത്യമായി പിൻതുടരുന്നത് കൊണ്ട് ആ സംസ്ഥാനങ്ങളിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ നല്ലനിലയിൽ പ്രവർത്തിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വൈദ്യുതി ബോർഡിന്റെ നടപടി ചെറുകിട വ്യവസായ യൂണിറ്റുകളെ നഷ്ടത്തിലേക്ക് നയിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly